പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **5399** **28.07. 2015-** ലെ മറുപടി

## നോർക്ക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ് | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) നോർക്കയ്ക്ക് കേരളത്തിൽ എവിടെയൊക്കെ എത്ര ഓഫീസുകൾ ഉണ്ട്; വിശദമാക്കാമോ; | എ) നോർക്ക – റൂട്ട്സിന്റെ തിരുവനന്തപുരത്തുള്ള ആസ്ഥാന ഓഫീസിനു പുറമേ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ റീജ്യണൽ ആതന്റിക്കേഷൻ സെന്ററുകളും കണ്ണൂർ , കോട്ടയം, തൃശ്ശൂർ, മലപ്പുറം, കൊല്ലം, പത്തനംതിട്ട, പാലക്കാട് ജില്ലകളിലെ കലക്ടറേറ്റുകളിൽ നോർക്ക സെല്ലുകളും പ്രവർത്തിച്ചുവരുന്നു. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ ആസ്ഥാന ഓഫീസ് തിരുവനന്തപുരത്തും മേഖലാ ഓഫീസുകൾ കോഴിക്കോട്ടും എറണാകുളത്തും പ്രവർത്തിച്ചുവരുന്നു. കൂടാതെ മലപ്പുറം ജില്ലയിൽ ഒരു ലെയ്സൺ ഓഫീസും പ്രവർത്തിക്കുന്നു. |
| ബി)നോർക്ക എന്തെല്ലാം ജനസേവനപ്രവർത്തനമാണ് നൽകിവരുന്നത്? | ബി) നോർക്ക റൂട്ട്സിന്റെ റീജ്യണൽ ഓഫീസിൽ വിദ്യഭ്യാസ/വിദ്യാഭ്യാസേതര സർട്ടിഫിക്കറ്റുകളുടെ HRD, Embassy Attestation നകൾ ചെയ്യുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ നോർക്ക വകുപ്പിന്റെ ധനസഹായ പദ്ധതികളായ സാന്ത്വന, ചെയർമാൻ ഫണ്ട്, കാരുണ്യം പദ്ധതികളുടെ അപേക്ഷ സമർപ്പിക്കലും അതിന്മേലുള്ള അന്വേഷണവും പ്രസ്തുത ഓഫീസുകളിൽ ചെയ്തു വരുന്നുണ്ട്. നോർക്ക – റൂട്ട്സ് നടപ്പാക്കുന്ന ഇൻഷ്വറൻസ് പദ്ധതികളുടെ അപേക്ഷകളുടെ വിതരണവും സ്വീകരിക്കലും ഈ ഓഫീസുകളിൽ ചെയ്യുന്നുണ്ട്. ജില്ലാതല സെല്ലുകളിൽ മേൽപ്പറഞ്ഞ പദ്ധതികളുടെ അപേക്ഷ സ്വീകരിക്കുന്നതിനും പ്രവാസികൾക്ക് നോർക്ക വകുപ്പുമായി ബന്ധപ്പെട്ട് ലഭിക്കേണ്ട ആനുകൂല്യങ്ങൾക്കും സഹായങ്ങൾക്കും ബന്ധപ്പെടുന്നതിനും സൗകര്യമൊരുക്കിയിട്ടുണ്ട്.<br><br>നോർക്ക വകുപ്പിന്റെ നിർവ്വഹണ ഏജൻസിയായ നോർക്ക – റൂട്ട്സിന്റെ പ്രവർത്തനങ്ങൾ മറുനാടൻ മലയാളികളുടെ ഇടയിൽ കൂടുതൽ വ്യാപിപ്പിക്കുക, സേവനങ്ങൾ താമസംവിനാ ലഭ്യമാക്കുക, പ്രവാസി മലയാളികളുടെ പരാതികൾ കേരള സർക്കാർ മുഖേന സമയബന്ധിതമായി അതാത് സംസ്ഥാനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം തേടുന്നതിനുള്ള ശ്രമങ്ങൾ |

ഏകോപിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളുമായി ചെന്നൈ, ബംഗളൂരു, ബറോഡാ, ഹൈദരാബാദ് എന്നീ സ്ഥലങ്ങളിൽ സാറ്റലൈറ്റ് ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു. NRK ഇൻഷ്വറൻസ് കാർഡിന്റെ അപേക്ഷ സ്വീകരിക്കലും വിതരണവും, പ്രവാസി ക്ഷേമ നിധിയിലേയ്ക്കുള്ള അപേക്ഷകൾ സ്വീകരിക്കൽ, നോർക്ക പദ്ധതികളുടെ ആനുകൂല്യത്തിനായി അപേക്ഷകൾ സ്വീകരിക്കുക, മാതൃ സംസ്ഥാനത്തെ സ്ഥാവരജംഗമ സ്വത്തുക്കൾക്ക് സംരക്ഷണം ഉറപ്പു വരുത്തുക, തുടങ്ങിയ കാര്യങ്ങളുടെ ഏകോപനവും പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ, പ്രവാസി സംഗമങ്ങൾ തുടങ്ങിയവയും സാറ്റലൈറ്റ് ഓഫീസുകൾ വഴി അന്യസംസ്ഥാനങ്ങളിൽ നടപ്പിലാക്കിവരുന്നുണ്ട്.

ഗൾഫ് രാജ്യങ്ങളിലുള്ള പ്രവാസി കേരളീയർക്ക് സർക്കാർ പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പദ്ധതികളുടെ അപേക്ഷയും മറ്റ് വിവരവും ലഭ്യമാക്കുന്നതിനും അടിയന്തിര ഘട്ടങ്ങളിൽ നോർക്കയുടെ സേവനം എത്രയും വേഗം പ്രവാസികൾക്ക് ലഭ്യമാക്കുന്നതിനുമായി ഹെൽപ് ഡെസ്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആദ്യ പടിയായി ബഹ്റിനിൽ നോർക്ക – റൂട്ട്സ് ഹെൽപ് ഡെസ്കിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

വിദേശത്ത് താമസിക്കുന്ന പ്രവാസികൾക്കായി നോർക്ക-റൂട്ട്സ് പ്രവാസി തിരിച്ചറിയൽ കാർഡും, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ താമസിക്കുന്ന കേരളീയർക്കായി എൻ.ആർ.കെ ഇൻഷുറൻസ് കാർഡും നോർക്ക-റൂട്ട്സ് ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കാർഡുടമകൾക്ക് ന്യൂ ഇന്ത്യ അഷുറൻസ് കമ്പനിയുമായി ചേർന്ന് ഇൻഷുറൻസ് പരിരക്ഷ നൽകി വരുന്നുണ്ട്.

തിരികെയെത്തിയ പ്രവാസികളെ സംരംഭകരാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുകയും മൂലധന സബ്സിഡി നൽകുകയും ചെയ്യുക, തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് പുതിയ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ സഹായം നൽകുക, തിരികെയെത്തിയ പ്രവാസികളുടെ ജീവിതമാർഗ്ഗത്തിനായി ഒരു സുസ്ഥിര സംരംഭക മാതൃക വികസിപ്പിക്കുക എന്നീ ഉദ്ദേശ്യത്തോടു കൂടി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്(NDPREM) എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്.

സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽ കൊണ്ടു വന്ന് വിവിധ മേഖലകളിൽ നിക്ഷേപിക്കുവാൻ സന്നദ്ധതയുള്ളവർക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നൽകുകയെന്ന

ലക്ഷ്യത്തോടെ നോർക്ക ബിസിനസ്സ് സഹായക കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. നിക്ഷേപതൽപരരായ പ്രവാസികൾക്ക് ഈ സെന്റർ വിവിധ അനുമതികൾ നേടുന്നതിൽ ഒരു 'ഏക ജാലക സംവിധാന'മായി പ്രവർത്തിക്കുന്നു. കുറഞ്ഞ ചെലവിലും നഷ്ടസാധ്യതകൾ വിലയിരുത്തിയും നിക്ഷേപങ്ങൾ നടത്തുവാൻ പ്രസ്തുത സെന്റർ സഹായകമാകും. നോർക്ക വകുപ്പിന്റെ പുനരധിവാസ പദ്ധതിയുടെ ഭാഗമായുള്ള ബോധവൽക്കരണ പരിശീലന പരിപാടികൾ സെന്ററിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. സംസ്ഥാനത്തെ നിക്ഷേപ സംരംഭ സാധ്യതകളെക്കുറിച്ച് താത്പര്യമുള്ള നിക്ഷേപകർക്ക് സമഗ്രമായ വിവരങ്ങൾ ഈ കേന്ദ്രം ലഭ്യമാക്കും.

തങ്ങളുടെതല്ലാത്ത കുറ്റങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് വിദേശ രാജ്യങ്ങളിൽ എംബസികളുടെ സഹായത്തോടെ നിയമസഹായം നൽകുന്നതിനുള്ള സമഗ്ര പദ്ധതിയായ പ്രവാസി നിയമസഹായ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം എംബസികളിൽ വിവിധ കാരണങ്ങളാൽ അഭയം തേടുന്ന മലയാളി സ്ത്രീകൾക്ക് വിമാന യാത്രാകൂലി നൽകുന്നതിനും ഇവരെ വിദേശ രാജ്യങ്ങളിലെ വിവിധ ഭാഗങ്ങളിൽ നിന്നും എംബസികളിൽ എത്തിക്കുന്നതിന് ആവശ്യമായി വരുന്ന വാഹനചെലവുകളും വഹിക്കുന്നതാണ്.

തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റങ്ങൾക്കും വിദേശജയിലുകളിൽ ശിക്ഷ അനുഭവിച്ച് മോചിതരാകുന്ന മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നൽകുന്നതിനുള്ള പദ്ധതിയായ സ്വപ്നസാഫല്യം പദ്ധതിയും നോർക്ക – റൂട്ട്സ് മുഖേന നടത്തി വരുന്നു.

വിദേശങ്ങളിലെ തൊഴിൽ പരമായ പൊതു സ്ഥിതി, പാസ്സ്പോർട്ട്, വിസ, കുടിയേറ്റ നിയമങ്ങൾ, തൊഴിൽ സംബന്ധിച്ച നിയമങ്ങൾ/ കരാറുകൾ, യാത്രസംബന്ധിച്ച നടപടി ക്രമങ്ങൾ, സാമ്പത്തിക കാര്യങ്ങളിൽ പ്രാഥമികമായ അറിവ്, നിയമാനുസൃതമുള്ള നാണ്യവിനിമയം, വിദേശത്തെ ഭാഷയും സംസ്കാരവും, ആചാരമര്യാദകൾ തുടങ്ങിയ കാര്യങ്ങളിൽ, വിദേശത്ത് തൊഴിൽ തേടാനാഗ്രഹിക്കുന്നവരിൽ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി ഒരു സംയോജിത പരിശീലന പരിപാടിയായ പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം ക്രമമായി നടത്തി വരുന്നു.

മികവുറ്റ തൊഴിലാളികളെ കണ്ടെത്തുന്നതിന് തൊഴിൽ ദായകരുടെയും തൊഴിലന്വേഷകരുടെയും ഒരു ഓൺലൈൻ പൊതുവേദിയാണ് www.jobsnorka.gov.in എന്ന വെബ്സൈറ്റ്. വിദേശ തൊഴിൽദായകരും കേരളത്തിലെ തൊഴിലന്വേഷകരും തമ്മിലുള്ള അകലം കുറയ്ക്കുകയെന്നതാണ് ഈ വെബ്സൈറ്റിന്റെ ഉദ്ദേശ്യം. ഇതിലൂടെ വിവരങ്ങൾ വേഗത്തിലും കാര്യക്ഷമമായും ചെലവുകൂടാതെയും വിനിമയം ചെയ്യാൻ കഴിയും. ഓൺലൈനിലൂടെ തൊഴിലവസരങ്ങൾ പരിശോധിച്ച് അപേക്ഷിക്കാനും തൊഴിൽ ദാതാക്കളുമായി ബന്ധപ്പെടുന്നതിന് പേര് രജിസ്റ്റർ ചെയ്യാനും ഇത് അവസരം ഒരുക്കുന്നു.

തൊഴിലെടുക്കാൻ പ്രാപ്തിയുള്ള കേരളത്തിലെ യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം വിദേശതൊഴിൽ വിപണിയിലെ

വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുന്നതിന് പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. സാങ്കേതികവൈദഗ്ധ്യം, ആശയവിനിമയവൈദഗ്ധ്യം, നിയമന നടപടികൾ, വിസ, തൊഴിൽക്കരാർ, കുടിയേറ്റം എന്നിവ സംബന്ധിച്ച ബോധവത്കരണവും ഈ പരിശീലനപരിപാടിയിൽ ഉൾപ്പെടുന്നു. കേരള സർക്കാരിന്റെ വ്യാവസായിക പരിശീലന ഡയറക്ടറേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന വ്യാവസായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ (ITI), മികച്ച നിലവാരം പുലർത്തുന്ന സ്വകാര്യസ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ചാണ് തൊഴിൽ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനും പുനർസംയോജനത്തിനുമുള്ള (Skill upgradation & Re-integration) പരിശീലനപരിപാടികൾ നടപ്പാക്കുന്നത്.

നോർക്ക വകുപ്പിനെയും നോർക്ക-റൂട്ട്സിനെയും സംബന്ധിച്ച വിവരങ്ങൾ, ഇവയുടെ കീഴിലുള്ള വിവിധ ഓഫീസുകൾ, സേവനങ്ങൾ, പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററും പ്രവർത്തിച്ചുവരുന്നുണ്ട്.

[signature]

സെക്ഷൻ ഓഫീസർ